## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **1325** 30/01/2018-ൽ മറുപടിക്ക്

## ശൂന്യവേതനവ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ എക്സ്റ്റൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | **പ്രൊഫ.സി.രവീന്ദ്രനാഥ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) ശൂന്യവേതന വ്യവസ്ഥയിലുള്ള അദ്ധ്യാപകർ എക്സ്റ്റൻഷന് അപേക്ഷ നൽകിയിട്ട് ഡി.പി.ഐ ഓഫീസിൽ അനാവശ്യമായ കാലതാമസം നേരിടുന്നതു സംബന്ധിച്ചുള്ള പരാതികൾ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) ഡി.പി.ഐ ഓഫീസിൽ ശൂന്യവേതനവ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ എക്സ്റ്റൻഷൻ സംബന്ധിച്ച് എത്ര അപേക്ഷകൾ പെന്റിങ്ങിൽ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; കൂടാതെ ശൂന്യ വേതനാവധിയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | ബി) ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിന് ലഭിച്ച അപേക്ഷയിൽ തീർപ്പാക്കാനുള്ളവയുടെ എണ്ണം:-<br>കാസർകോഡ് - 1<br>പാലക്കാട് - 2<br>കോഴിക്കോട് - 1<br>2017-18-ൽ ആകെ ലഭിച്ചിട്ടുള്ള ശൂന്യവേതനാവധി അപേക്ഷകൾ - 1131 എണ്ണം |
| സി) ഡി.പി.ഐ ഓഫീസിലെ എസ്.സി 3 സീറ്റിൽ ആളെ പോസ്റ്റ് ചെയ്തിട്ടുണ്ടോ; ടി സീറ്റ് എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നു; പ്രസ്തുത സീറ്റിൽ എത്ര ഫയലുകൾ പെന്റിങ്ങ് ഉണ്ടെന്നും ഇവിടെ ആളെ പോസ്റ്റ് ചെയ്യാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ; | സി) ഡി.പി.ഐ ഓഫീസിലെ ക്ലറിക്കൽ തസ്തികയിൽ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകൾ എന്ന നിലയിൽ വിവിധ ജില്ലകളിൽ നിന്നാണ് നിയമനം നടത്തേണ്ടത്. പ്രസ്തു തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ സ്ഥലം മാറ്റം, തസ്തിക മാറ്റം, പ്രൊമോഷൻ എന്നിവ മുഖേന നികത്തുവാൻ നിലവിൽ വ്യവസ്ഥയില്ല. എസ്.സി 3 സീറ്റിൽ നിലവിൽ നിയമനം നൽകിയിരുന്നത് കാസർകോഡ് ജില്ലയിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമനം ലഭിച്ചയാൾക്കായിരുന്നു. 01.08.2017 മുതൽ 08.10.2017 വരെ പ്രസ്തുത തസ്തിക ഒഴിഞ്ഞു |

| | | | |
|---|---|---|---|
| | | | കിടന്നിരുന്നു. 09.10.2017-ൽ ജോലിക്ക് ചേർന്ന ഉദ്യോഗാർത്ഥി 05.12.2017 ൽ സ്വന്തം ജില്ലയിലേക്ക് സ്ഥലംമാറ്റം വാങ്ങി പോകുകയാണുണ്ടായത്. തുടർന്ന് 14.12.2017-ൽ പ്രസ്തുത വേക്കൻസിയിൽ നിയമനം നടത്തുന്നതിനായി കാസർകോഡ് പി.എസ്.സി ജില്ലാ ഓഫീസിലേക്ക് വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ഡി) | ഈ സീറ്റിൽ ആളെ നിയമിക്കാത്ത കാലയളവിൽ പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഈ സീറ്റിന്റെ ചുമതലയുള്ള സൂപ്രണ്ട് ഒക്ടോബർ മുതൽ ഡിസംബർ 31 വരെ എത്ര ഫയലുകളിൽ തീർപ്പ കൽപ്പിക്കാൻ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | ഡി) | പകരം സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. 32 ഫയലുകളിൽ തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഇ) | എസ്.സി 3 സീറ്റിന്റെ ചുമതലയുള്ള സൂപ്രണ്ട് പെന്റിങ്ങ് ഫയലുകളെ സംബന്ധിച്ചും സീറ്റിൽ ആളില്ല എന്ന വിവരവും മേലുദ്യോഗസ്ഥരെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | ഇ) | അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**